പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5848

07/07/2014 -ൽ
മറുപടിയ്ക്ക്

## ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന ലൈവ്ലിഹുഡ് മാനേജ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി ജയരാജൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന ലൈവ്ലിഹുഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (എ) മലയോര മേഖലയിലെ സാധാരണ ജനങ്ങളുടെ ജീവിത രീതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ലൈവ്ലിഹുഡ് മാനേജ്മെന്റ് പ്രോഗ്രാം (സഹ്യശ്രീ) പദ്ധതി ആരംഭിച്ചത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യ സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, ആയൂർവേദ മരുന്നു നിർമ്മാണം എന്നിവയ്ക്കു മുൻഗണന നൽകികൊണ്ട് മലയോരമേഖലയിലെ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡിയോടുകൂടിയ ബാങ്ക് ലോൺ ലഭ്യമാക്കുക എന്നതാണ് സഹ്യശ്രീ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) പ്രോഗ്രാമിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യ സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, ആയൂർവേദ മരുന്നു നിർമ്മാണം എന്നീമേഖലകൾക്കാണ് ഈ പദ്ധതി മുൻഗണന നൽകുന്നത്. ഈ സാമ്പത്തിക വർഷം (2014-15) ഡയറി മേഖലയ്ക്കാണ് ഊന്നൽ നൽകുന്നത്. |
| (സി) ലൈവ്ലിഹുഡ് മാനേജ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 2013-14 ൽ എത്ര തുക നീക്കിവച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) 5 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രോഗ്രാമിൻ കീഴിൽ 2013-14 ൽ ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | കണ്ണൂർ ജില്ലയിൽ എന്തെല്ലാം പദ്ധതികൾ എവിടെയെല്ലാം നടപ്പിലാക്കുകയുണ്ടായെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ഇ) | ലൈവ്‌ലിഹുഡ് മാനേജ്മെന്റ് പദ്ധതിയിൽ കണ്ണൂർ ജില്ലയ്ക്ക് തുക ഒന്നും അനുവദിച്ചിട്ടില്ല. |

Biju

സെക്ഷൻ ഓഫീസർ

US-5848
7/7/17

## അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം | - കൃഷി, ആടുവളർത്തൽ |
| ഇടുക്കി | - ക്ഷീര വികസനം, കാർഷികവൃത്തി |
| കോഴിക്കോട് | - കൃഷി, തേനീച്ച വളർത്തൽ, ആടുവളർത്തൽ |
| പാലക്കാട് | - പാട്ടകൃഷി |
| പത്തനംതിട്ട | - കൃഷി, മൃഗസംരക്ഷണം, ഡയറി, ഭക്ഷ്യ സംസ്കരണം, ഔഷധ സസ്യ കൃഷി, ആയുർവേദ മരുന്നു നിർമ്മാണം |
| എറണാകുളം | - കൃഷി |
| മലപ്പുറം | - ആടുവളർത്തൽ |
| വയനാട് | - കൃഷി, ആടുവളർത്തൽ, ഡയറി |

Bijumon

സെക്ഷൻ ഓഫീസർ